# പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.125 — 06.01.2014 ന് മറുപടിയ്ക്ക്

## വന്യജീവി ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം

**ചോദ്യം**

ശ്രീ. എസ്.രാജേന്ദ്രൻ

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനം, ഗതാഗതം, സിനിമ, കായികം, പരിസ്ഥിതി വകുപ്പുമന്ത്രി)

(എ) വന്യജീവി സംരക്ഷണമേഖലയോടടുത്തുള്ള പ്രദേശങ്ങളിലെ കൃഷിക്കാർക്ക് വന്യജീവി ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം നൽകുന്നതിനായി 2013-14-ലെ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നെന്ന് വ്യക്തമാക്കാമോ ;

(എ) വന്യജീവി സംരക്ഷണ മേഖലയോടടുത്തുള്ള കൃഷിക്കാരെ മാത്രം വന്യജീവി ആക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ വന്യജീവി ആക്രമണം ചെറുക്കുന്നതിനായി 2013-14-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ വന്യജീവി സംരക്ഷണ മേഖലയോടടുത്തുള്ള പ്രദേശങ്ങളിലെ കൃഷിക്കാർക്ക് സംരക്ഷണം നൽകുന്നതിനായി 249.04 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ഇതിൽ എന്ത് തുക ഇതുവരെ ചെലവഴിച്ചു ; പ്രസ്തുത തുക ഉപയോഗിച്ച് ഏതെല്ലാം പ്രദേശങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തിയെന്ന് വ്യക്തമാക്കാമോ ?

(ബി) പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഇതിൽ 68.38 ലക്ഷം രൂപ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി ഇതുവരെ ചിലവഴിച്ചു.

1. പെരിയാർ ഈസ്റ്റ് ഡിവിഷനിൽ തേക്കടി റെയിഞ്ചിലെ ചോറ്റുപാറ ഭാഗത്ത് സോളാർ വേലി, വള്ളക്കടവിൽ ആന പ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
2. നെയ്യാർ ഡിവിഷനിൽ സൗരോർജ്ജ വേലി നിർമ്മാണം.
3. നെയ്യാർ ഡിവിഷനിൽ സൗരോർജ്ജ വേലിയുടെ അറ്റകുറ്റപ്പണികൾ.
4. നെയ്യാർ വൈൽഡ് ലൈഫ് ഡിവിഷനിൽ കിടങ്ങ് നിർമ്മാണം, പ്രശ്നബാധിത പ്രദേശത്തെ വന്യജീവി നിരീക്ഷണം.
5. വയനാട് ഡിവിഷനിലെ മുണ്ടക്കൊല്ലി, ഓവുപാലം ഭാഗത്തും മുത്തങ്ങ റെയിഞ്ച് ഫോറസ്റ്റ് ക്വാർട്ടേഴ്സ് മുതൽ പൂമറ്റം വരെയുള്ള ഭാഗത്തും ആന പ്രതിരോധകിടങ്ങ്, സംരക്ഷണഭിത്തി
6. ആറളം ഡിവിഷനിൽ സൗരോർജ്ജ വേലിയുടെ അറ്റകുറ്റപ്പണികൾ.
7. ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ സൗരോർജ്ജ കമ്പിവേലിയുടെ അറ്റകുറ്റപ്പണികൾ.
8. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിൽ നാട്ടിലിറങ്ങുന്ന ആക്രമണ സ്വഭാവമുള്ള വന്യജീവികളെ തിരിച്ച് കാട്ടിലേക്ക് വിടുന്നതിനുള്ള ചെലവ്.
9. നോർത്ത് വയനാട് ഡിവിഷനിൽ വൈദ്യുതി കമ്പിവേലി നിർമ്മാണം.

സെക്ഷൻ ഓഫീസർ.